# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. **2651** — 27.01.2014 - ൽ മറുപടിയ്ക്ക്

## ആയുർവേദ തെറാപ്പിസ്റ്റുകൾക്ക് ശമ്പളം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ.കെ. ലതിക | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം. മുഖേന സംസ്ഥാനത്ത് എത്ര ആയുർവേദ തെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | എൻ.ആർ.എച്ച്.എം. നേരിട്ട് സംസ്ഥാനത്ത് ആയുർവേദ തെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടില്ല. ആയുഷ് വകുപ്പിന്റെ 'ഡെവലപ്പ്മെന്റ് ഓഫ് ആയുഷ് ഹോസ്പിറ്റൽസ് & ഡിസ്പെൻസറീസ് ' എന്ന സ്കീമിൽ ഉൾപ്പെടുത്തി 68 സ്ഥാപനങ്ങളിലായി 203 തെറാപ്പിസ്റ്റുമാരെ എച്ച്.എം.സി. വഴി നിയമിച്ചിട്ടുണ്ട്. |
| (ബി) ആയുർവേദ തെറാപ്പിസ്റ്റുകളുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് നൽകിയിട്ടുണ്ടോ ; | (ബി) | ഉണ്ട് . |
| (സി) ഇവർക്ക് നൽകി വരുന്ന ശമ്പളം എത്രയാണെന്നും ഏതു മാസം വരെ ശമ്പളം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | (സി) | എച്ച്.എം.സി. യുമായുള്ള കരാർ പ്രകാരം 9140 രൂപയാണ് വേതനം നിശ്ചയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) ശമ്പളം നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ;ശമ്പളം എപ്പോൾ മുതൽ നൽകുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | കേന്ദ്ര സർക്കാരിന്റെ ആയുഷ് വകുപ്പിൽ നിന്നും ഡെവലപ്പ്മെന്റ് ഓഫ് ഹോസ്പിറ്റൽസ് & ഡിസ്പെൻസറീസ് സ്കീമിൽ ഉൾപ്പെടുത്തിയ 12-13, 13-14 സാമ്പത്തിക വർഷത്തേക്കുള്ള |

റിക്കറിങ്ങ് ഫണ്ട് ലഭിക്കാത്തതി -
നാലാണ് ശമ്പളം നൽകാൻ
കഴിയാത്തത്. 12-13, 13-14
സാമ്പത്തിക വർഷത്തിലേക്കുള്ള
കുടിശ്ശിക ശമ്പളത്തുക ഉൾപ്പെടുത്തി
ഈ വർഷം കേന്ദ്ര ആയുഷ്
വകുപ്പിന് പദ്ധതിരേഖ
സമർപ്പിക്കുകയും ആയതിന്
കേന്ദ്രം തത്വത്തിൽ അംഗീകാരം
നൽകിയിട്ടുമുണ്ട്. പ്രസ്തുത തുക
ലഭിക്കുന്ന മുറയ്ക്ക് വേതനം
നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

ചോദ്യം 2651 - അനുബന്ധം

| | |
|---|---|
| തിരുവനന്തപുരം | 2013 സെപ്റ്റംബർ വരെ നൽകിയിട്ടുണ്ട് |
| കൊല്ലം | 1. ജില്ലാ ആയുർവേദ ആശുപത്രി, കൊല്ലം - 07/2013 വരെ<br>2. ഗവ: ആയുർവേദ ആശുപത്രി, പരവൂർ - 02/2013 വരെ<br>3. ഗവ: ആയുർവേദ ആശുപത്രി, ആയൂർ - 06/2013 വരെ<br>4. ഗവ: ആയുർവേദ ആശുപത്രി, താലവൂർ - 06/2013 വരെ<br>5. ഗവ: ആയുർവേദ ആശുപത്രി, കൊട്ടാരക്കര - 06/2013 വരെ |
| പത്തനംതിട്ട | 2013 ജൂൺ വരെ നൽകിയിട്ടുണ്ട് |
| ആലപ്പുഴ | ജില്ലാ ആയുർവേദ ആശുപത്രി, ആലപ്പുഴ - 06/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, മാരാരിക്കുളം - 01/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, കായംകുളം - 05/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, നെടുമുടി - 01/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, ചേർത്തല - 12/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, ചെങ്ങന്നൂർ - 01/2013 വരെ |
| കോട്ടയം | 2013 മേയ് വരെ നൽകിയിട്ടുണ്ട് |
| ഇടുക്കി | ജില്ലാ ആയുർവേദ ആശുപത്രി, തൊടുപുഴ - 06/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, പാറേമാവ് - 05/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, കല്ലാർ - 06/2013 വരെ |
| എറണാകുളം | 2013 ജനുവരി വരെ നൽകിയിട്ടുണ്ട് |
| തൃശ്ശൂർ | 5 സ്ഥാപനങ്ങളിൽ 2013 മേയ് 31 വരെയും 2 സ്ഥാപനങ്ങളിൽ ജൂൺ 30 വരെയും |
| പാലക്കാട് | ജില്ലാ ആയുർവേദ ആശുപത്രി, പാലക്കാട് -02/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, മണ്ണാർക്കാട് -02/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, വടക്കാഞ്ചേരി -05/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, ഒറ്റപ്പാലം - 01/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, ചളവറ - 05/2013 വരെ |
| മലപ്പുറം | ജില്ലാ ആയുർവേദ ആശുപത്രി, മഞ്ചേരി - 05/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, പൊന്നാനി - 06/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, പെരിന്തൽമണ്ണ - 01/2013 വരെ |
| കോഴിക്കോട് | ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട് - 09/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, തലയാട് - 06/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, വടകര - 07/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, നൊച്ചാട് - 06/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, ബാലുശ്ശേരി - 08/2013 വരെ |
| വയനാട് | 2013 മേയ് വരെ നൽകിയിട്ടുണ്ട് |
| കണ്ണൂർ | 2013 ഡിസംബർ വരെ നൽകിയിട്ടുണ്ട് |
| കാസർകോട് | ജില്ലാ ആയുർവേദ ആശുപത്രി, പടന്നക്കാട് - 06/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, ചീമേനി - 06/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, മടിക്കൈ - 02/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, കൊയോങ്കര - 06/2013 വരെ<br>ഗവ: ആയുർവേദ ആശുപത്രി, ചളവറ - 02/2013 വരെ |

സെക്ഷൻ ഓഫീസർ